ഇടുക്കി ജില്ലയിൽ വനം വകുപ്പിന്റെ വികസന പദ്ധതികൾ

101 [1931] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പ് ഇടുക്കി ജില്ലയിൽ എന്തെല്ലാം വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ പൂർത്തീകരിച്ചവയും ഇപ്പോൾ നടപ്പിലാക്കിവരുന്നവയും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവയും ഏതെല്ലാമെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതികൾക്ക് ഓരോന്നിനും ചെലവഴിച്ച തുക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ ആരംഭിച്ച പദ്ധതികൾ താഴെ പറയുന്നു:

1. മതികെട്ടാൻ ചോല, പാമ്പാടും ചോല, ആനമുടി ചോല എന്നീ മൂന്ന് നാഷണൽ പാർക്കുകൾ ആരംഭിച്ചു.

2. ഇടുക്കി ജില്ലയിൽ തൊമ്മൻകുത്ത്, കാൽവരി മൗണ്ട്, തേക്കടി, ഇരവികുളം, പിന്നാർ എന്നീ വിവിധ ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കി.

3. മൂന്നാർ കേന്ദ്രമാക്കി സെൻട്രൽ നഴ്സറിയുടെ പ്രവർത്തനം ആരംഭിച്ചു.

4. തേക്കടി കേന്ദ്രമാക്കി പെരിയാർ ഫൗണ്ടേഷൻ ആരംഭിച്ചു.

5. മറയൂർ കേന്ദ്രമാക്കി ചന്ദനമരങ്ങളുടെ സംരക്ഷണവും അതിന്റെ പുനരുദ്ധാരണവും ലക്ഷ്യമാക്കിക്കൊണ്ട് ഒരു പുതിയ ഡിവിഷനും ഒരു റെയിഞ്ചും നാല് ഫോറസ്റ്റ് സ്റ്റേഷനുകളും അനുവദിച്ചു.

6. കഞ്ചാവുവേട്ട തടയുന്നതിനും വനസംരക്ഷണം ഊർജ്ജിതപ്പെടുത്തുന്നതിനും കടവരി-കമ്പക്കല്ല് പ്രദേശങ്ങളിൽ രണ്ട് ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചു.

7. ലോകബാങ്കിന്റെ സഹായത്തോടെ തേക്കടി ആസ്ഥാനമാക്കി ഇക്കോ ഡെവലപ്പ്മെന്റ് പദ്ധതി നടപ്പിലാക്കി.

LIBRARY ARCHIVES Kerala Legislative Assembly

8. കാറ്റാടിക്കാവുങ്ങളിൽ വിവിധ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടങ്ങൾ, റോഡുകൾ, ട്രക്ക് പാത്ത് നിർമ്മാണം, അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ, ഹയർവൈൻ തെളിക്കൽ, ആദിവാസി ക്ഷേമപ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പൂർത്തീകരിച്ച പദ്ധതികൾ:

1. ലോകബാങ്ക് സഹായത്തോടെയുള്ള തേക്കടി കേന്ദ്രീകരിച്ച് ഇക്കോ ഡെവലപ്പ്മെന്റ് പദ്ധതി പൂർത്തീകരിച്ചു.

2. മൂന്നാർ കേന്ദ്രമാക്കിയുള്ള സെൻട്രൽ നഴ്സറിയുടെ ഇലക്ട്രിഫിക്കേഷൻ ഒഴികെയുള്ള പണികൾ പൂർത്തീകരിച്ചു.

3. തൊമ്മൻകുത്ത്, കാൽവരിമൗണ്ട്, തേക്കടി, ഇരവികുളം, പിന്നാർ എന്നീ ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

4. പെരിയാർ ഫൗണ്ടേഷന്റെ പ്രവർത്തനം ആരംഭിക്കുകയും ഈ ട്രസ്റ്റിന്റെ നേതൃത്വത്തിൽ വിവിധ ബയോ-ഡൈവേഴ്സിറ്റി കൺസർവേഷൻ പ്രവർത്തനങ്ങളും മറ്റ് കമ്മ്യൂണിറ്റി പ്രവർത്തനങ്ങളും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

5. മറയൂർ കേന്ദ്രമാക്കിയുള്ള ചന്ദന വനം ഡിവിഷന്റെ പ്രവർത്തനം നടപ്പിലാക്കിവരുന്നു.

6. മൂന്നാർ, കോതമംഗലം, കോട്ടയം ഡിവിഷനുകളുടെയും, ഇരവികുളം, പിന്നാർ, തേക്കടി തുടങ്ങിയ വന്യജീവി ഡിവിഷനുകളുടെയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ അതാതു വർഷങ്ങളിൽ നടപ്പിലാക്കിവരുന്നു.

7. ഇക്കോ ടൂറിസത്തിന്റെ അധീനതയിൽ തേക്കടി കേന്ദ്രമാക്കി ഒരു വൈൽഡ് ലൈഫ് ഇന്റർപ്രട്ടേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള പദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ട്.

8. മറയൂർ ചന്ദന ഡിവിഷനുവേണ്ടി മറയൂർ റെയിഞ്ചിന്റെയും മറ്റു നാല് ഫോറസ്റ്റ് സ്റ്റേഷനുകളുടെയും പ്രവർത്തനത്തിനുവേണ്ടി 10 പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

9. കടവരി-കന്നിക്കല്ല് പ്രദേശത്തെ കഞ്ചാവുവേട്ട തടയുന്നതിനും അതിനുവേണ്ടി രൂപീകരിച്ച ഫോറസ്റ്റ് സ്റ്റേഷന്റെയും പ്രവർത്തനത്തിനായി 42 തസ്തികകൾ അംഗീകരിച്ചിട്ടുണ്ട്.

(സി) 1. ചന്ദനവനങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ചെയിൻ ഫെൻസിംഗ് നടത്തുന്നതിനായി 75 ലക്ഷം രൂപയുടെയും 56 ലക്ഷം രൂപയുടെയും രണ്ട് ജോലികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. മൂന്നാർ സെൻട്രൽ നഴ്സറിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണത്തിനും ഔഷധത്തോട്ട നിർമ്മാണത്തിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി 87,02,478 രൂപ ചെലവായിട്ടുണ്ട്.

3. തേക്കടിയിലെ വിവിധ പദ്ധതികൾക്കായി 15 ലക്ഷം രൂപ അനുവദിച്ചതിൽ അഞ്ചു ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

4. തൊമ്മൻകുത്ത്, ഇക്കോ ടൂറിസം പദ്ധതിക്കുവേണ്ടി 2004-2005 ൽ വനം വകുപ്പ് 3,00,000 രൂപയുടെയും 2005-2006 വർഷത്തിൽ 6,55,000 രൂപയുടെയും പദ്ധതി അംഗീകരിച്ചിട്ടുണ്ട്.

5. കാൽവരിമൗണ്ട് ഇക്കോ ടൂറിസം പദ്ധതിക്ക് 1,46,157 രൂപ ചെലവാക്കിയിട്ടുണ്ട്.

6. കോട്ടയം, മൂന്നാർ, കോതമംഗലം ഡിവിഷനുകളിലെ വിവിധ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകളും കെട്ടിടങ്ങളും പുനരുദ്ധരിച്ചതിനും ട്രെക്ക് പാത്ത് നിർമ്മിച്ചതിനും വേണ്ടി ഈ കാലയളവിൽ 18,71,101 രൂപ ചെലവാക്കിയിട്ടുണ്ട്.

7. പെരിയാർ ഹൗണ്ടേഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ബയോ ഡൈവേഴ്സിറ്റി കൺസർവേഷനുവേണ്ടി 3.47 ലക്ഷം രൂപയും വിവിധ സാമൂഹിക പ്രവർത്തനങ്ങൾക്കുവേണ്ടി 6.80 ലക്ഷം രൂപയും (മൊത്തം 10.27 ലക്ഷം) ചെലവാക്കിയിട്ടുണ്ട്.

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

വനം കൈയേറ്റങ്ങൾ

102 [1932] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം കൈയേറ്റം തടയുന്നതിനും നിലവിലുള്ള വനഭൂമിയുടെ വിസ്തൃതി കുറയാതെ നിലനിർത്തുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

വനസംരക്ഷണത്തിനായി ചുവടെ ചേർക്കുന്ന നടപടികൾ ഇപ്പോൾ എടുത്തുവരുന്നുണ്ട്:

1. വനാതിർത്തിയിൽ ജണ്ടകെട്ടിയും കൈയാല നിർമ്മിച്ചും വനം കൈയേറ്റം തടയുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly